**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2319** **27-10-2026-ൽ മറുപടിയ്ക്ക്**

**എം.എസ്.എം.ഇ. മേഖലയിലെ പ്രതിസന്ധികൾ**

| **ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി** |
|---|---|
| ശ്രീ. എം. എ. റസാഖ് മാസ്റ്റർ | ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി<br>(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി) |

**(എ)** കഴിഞ്ഞ പത്ത് വർഷക്കാലമായി എം.എസ്.എം.ഇ. മേഖല പ്രതിസന്ധികളെത്തുടർന്ന് വലിയ തോതിൽ തകർച്ച നേരിടുകയും ഒരുപാട് സംരംഭങ്ങൾ അടച്ചുപൂട്ടേണ്ടി വരികയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2016-17 മുതൽ 2025-26 സാമ്പത്തിക വർഷം വരെ സംസ്ഥാനത്ത് ആകെ 79,866 MSME യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം, ഇതിലൂടെ ഏകദേശം 1,66,075 തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്.

**(ബി)** കഴിഞ്ഞ ഒരു ദശാബ്ദത്തിനിടയിൽ സംസ്ഥാനത്ത് ആകെ എത്ര എം.എസ്.എം.ഇ. യൂണിറ്റുകൾ പൂട്ടിപ്പോയെന്നും അതിലൂടെ എത്രമാത്രം തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടുവെന്നും വ്യക്തമാക്കുന്ന കൃത്യമായ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** അടച്ചുപൂട്ടലിന്റെ വക്കിലായ സംരംഭങ്ങളെ കരകയറ്റുന്നതിനും കഴിഞ്ഞ പത്ത് വർഷമായി ഈ മേഖലയിലുണ്ടായ മുരടിപ്പ് പരിഹരിക്കുന്നതിനും അടിയന്തരമായി എന്തെല്ലാം പാക്കേജുകളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

**മറുപടി:** പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with asset, Defunct MSME units and cashew processing units) cashew processing units പ്രകാരം തകർച്ച നേരിടുന്ന സംരംഭങ്ങൾ (MSMEs) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 6 ലക്ഷം രൂപവരെയും പ്രവർത്തനരഹിതമായ യൂണിറ്റുകൾക്ക് പരമാവധി 8 ലക്ഷം രൂപയും ധനസഹായമായി വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നുണ്ട്. അത് കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുവടെ ചേർക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

1. **മിഷൻ 1,00,000:** ഒരു ലക്ഷം നാനോ, മൈക്രോ സംരംഭങ്ങളെ കണ്ടെത്തി വികസനത്തിനും വാർഷിക വിറ്റുവരവ് ഒരു കോടി രൂപയിലെത്തിക്കുന്നതിനും പിന്തുണ നൽകുന്നു.

2. **EASE:** മുതിർന്ന പൗരന്മാരെ സംരംഭകരാക്കുന്നതിനായി മൂലധന നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിനും സബ്സിഡി അടിസ്ഥാനത്തിൽ ധനസഹായം നൽകുന്ന പദ്ധതി.
3. **ഇൻസ്പയർ പദ്ധതി:** വിദ്യാർത്ഥികളിൽ സംരംഭകത്വവും നൂതന ആശയങ്ങളും വളർത്തുന്നു.
4. **നൈപുണ്യ സർവകലാശാല:** വ്യവസായ മേഖലയ്ക്ക് ആവശ്യമായ നൈപുണ്യമുള്ള തൊഴിലാളികളെ സൃഷ്ടിക്കുന്നു.
5. **ഡിജിറ്റൽ പരിവർത്തന പദ്ധതി:** എം.എസ്.എം.ഇ.കളിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നു.
6. **NORKA Private Industrial Estate Scheme (NPIE) 2026:** പ്രവാസി മലയാളികളുടെ വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനത്തിന് പരമാവധി മൂന്ന് കോടി രൂപ വരെ റീഇംബേഴ്സ്മെന്റ് ആയി നൽകുന്നു.

**സെക്ഷൻ ഓഫീസർ**